**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2107 06.10.2016 – ൽ മറുപടിക്ക്**

# പുനലൂർ - മൂവാറ്റുപുഴ റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. രാജു എബ്രഹാം :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പുനലൂർ-മൂവാറ്റുപുഴ റോഡിൽ ഏതു ഭാഗമാണ് ഇനിയും നിർമ്മാണം ആരംഭിക്കാതെ കിടക്കുന്നത്; ഇത് എത്ര കി. മീ. ദൂരമുണ്ട്; ഏതൊക്കെ നിയമസഭാ മണ്ഡലങ്ങളിലൂടെയാണ് ഇതു കടന്നുപോകുന്നത് ; | (എ) കെ. എസ്. റ്റി. പി. - II പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തി വരുന്ന പുനലൂർ-മൂവാറ്റുപുഴ റോഡിൽ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗമാണ് ഇനിയും നിർമ്മാണം ആരംഭിയ്ക്കാത്തത്. ഈ റോഡ് പുനലൂർ, പത്തനാപുരം, ആറന്മുള, കോന്നി, റാന്നി, കാഞ്ഞിരപ്പള്ളി എന്നീ നിയോജക മണ്ഡലങ്ങളിൽ കൂടി കടന്നു പോകുന്നു. |
| (ബി) ഈ ഭാഗം പി.പി.പി സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (ബി) ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതിന്റെ നിർമ്മാണത്തിന് പ്രീക്വാളിഫിക്കേഷൻ ടെൻഡർ നടത്തുകയുണ്ടായോ; എങ്കിൽ ഏതൊക്കെ ഏജൻസികളാണ് പി.ക്യൂ ടെൻഡറിൽ പങ്കെടുത്തത്; ആരുടെ എങ്കിലും ടെൻഡർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വ്യക്തമാക്കാമോ; പുതുതായി ടെൻഡർ വിളിക്കുന്നതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇതിന്റെ നിർമ്മാണത്തിന് ആദ്യത്തെ പ്രീക്വാളിഫിക്കേഷൻ ടെൻഡർ (RFQ) നടത്തിയതിൽ താഴെപ്പറയുന്ന 4 ഏജൻസികൾ പങ്കെടുത്തിരുന്നു.<br><br>1) ഡെൽമ - ശ്രീധന്യ JV<br>2) IL & FS Transport Network Limited.<br>3) GHV – EKK – INKEL JV<br>4) DRA – BEL<br><br>ഇതിൽ M/s IL & FS Transport Network Limited മാത്രമേ ക്വാളിഫൈ ചെയ്തുള്ളൂ. Single Tender ആയതിനാൽ കെ. എസ്. റ്റി. പി. സ്റ്റിയറിംഗ് കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് 17.08.2016 – ൽ റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഒക്ടോബർ 24 – നാണ് ടെണ്ടർ തുറക്കുന്നത്. |
| (ഡി) | പ്രസ്തുത റോഡിന്റെ നിർമ്മാണം കെ.എസ്.ടി.പി. ക്ക് വിട്ടു നൽകാൻ തീരുമാനിച്ചത് എന്നാണ്; അന്നുമുതൽ ഈ റോഡിൽ പാച്ച് വർക്കല്ലാതെ, റീടാറിംഗ് നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | പ്രസ്തുത പ്രവൃത്തിയുടെ കരാർ ഉറപ്പിച്ചതിനുശേഷമേ നിർമ്മാണത്തിനായി റോഡ് കെ.എസ്. ടി.പി - യ്ക്ക് വിട്ടു നൽകുകയുള്ളൂ. ഈ റോഡിൽ പാച്ച് വർക്കല്ലാതെ, റീടാറിംഗ് നടന്നിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ- പ്പെട്ടിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പാതയുടെ വികസനം സഫലമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; ഇത് പരിഹരിക്കാനും, ഈ വർഷം തന്നെ നിർമ്മാണം ആരംഭിക്കാനും | (ഇ) | ഒക്ടോബർ 24 – ന് ക്വാളിഫിക്കേഷൻ ടെൻഡർ തുറന്ന് പരിശോധിച്ച് തിരഞ്ഞെടുക്കപ്പെട്ടവർക്ക് RFP അയച്ചുകൊടുക്കുകയും അതിൽ തിരഞ്ഞെ- |

എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ടുക്കപ്പെടുന്ന ഏജൻസികൾക്ക് വർക്ക് അവാർഡ് ചെയ്യാൻ നടപടികൾ സ്വീകരിക്കുവാൻ കഴിയും. 2017 ഏപ്രിൽ മാസത്തോടെ ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ